ഗവൺമെന്റിൽ നിന്ന് ശ്രീ. ജോർജ് തന്നെ രൂപ വാങ്ങിക്കൊണ്ടുപോയ ആ പെറ്റീഷൻ കോടതിയിൽ സമർപ്പിച്ചു. അപ്പോൾ കോടതിയിൽ ശ്രീ. ജോർജ് പറഞ്ഞത് വാസ്തവ വിരുദ്ധമാണെന്ന് അവിടെയുണ്ടായിരുന്ന വക്കീലൻമാർക്ക് എല്ലാം ബോദ്ധ്യമായി. കേസ് ജയിക്കുകയില്ല എന്ന് കണ്ടപ്പോൾ വലിച്ചുരാൻ വേണ്ടി കേന്ദ്രത്തിലേയ്ക്ക് ഒരു പെറ്റീഷൻ കൊടുത്തുകൊണ്ട് അത് എക്സ്പഡൈറ്റ് ചെയ്താൽ മതിയെന്ന് കോടതിയിൽ സമർപ്പിച്ചു. ഞാൻ എന്തു കുറ്റം ചെയ്തു, വാദി പ്രതിയായോ? ഇത് വളരെ മോശമാണ്, അതുപോലെതന്നെ ഓർഡറുകളിൽ ഒരെണ്ണം സെക്ഷൻ ആഫീസറാണ് ഓർഡറിട്ടിരിക്കുന്നത്, കമ്മ്യൂണിക്കേറ്റ് ചെയ്ത് ജി. ഒ. ഇറക്കിയത് സെക്ഷനാഫീസറാണെന്ന് ശ്രീ. ജോർജ് കോടതിയിൽ പറഞ്ഞു. ഞങ്ങൾ കൗണ്ടറിൽ പറഞ്ഞു, ഗവൺമെന്റിന്റെ എല്ലാ ഓർഡറും സെക്ഷനാഫീസറിൽക്കൂടിയാണ് ജി. ഒ. പോകേണ്ടത്. അവിടെ പൊളിഞ്ഞു, പിന്നെ ശ്രീ. ജോർജ് മൂന്നാമത് പറഞ്ഞു, തുക ലാപ്സായി എന്ന്, ഇവിടത്തെ തന്നെ ബുള്ളറ്റിനകത്ത് പുറത്തുവന്നിട്ടുണ്ട്. തുക ലാപ്സാകില്ല. റിവോൾവിംങ് ഫണ്ടാണ്. ചുരുക്കിപ്പറഞ്ഞാൽ ബോണഫൈഡീസ് ഇല്ലാതെ അടിസ്ഥാനരഹിതങ്ങളായിട്ടുള്ള കണ്ടൻസ് വച്ച് അവിടെ റിട്ട് പെറ്റീഷൻ കൊടുത്ത ഓരോ ഖണ്ഡികയും അടിസ്ഥാനരഹിതമായിട്ട് വന്നു.

അവസാനം ശ്രീ. ജോർജ് പെറ്റീഷൻ കേന്ദ്രത്തിലേയ്ക്കു കൊടുത്തുകൊണ്ട്, വലിച്ചുരിക്കൊണ്ട് പോയി. ഇതാണ് ഇന്നലെ നിയമസഭയിൽ പറഞ്ഞത്. ഞാൻ പറഞ്ഞതിൽ ഒരു കുഴപ്പവുമില്ല. ഞാൻ പറഞ്ഞതിൽ ഒരു തെറ്റുമില്ല.

VII. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 27-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2004-ലെ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ചിട്ടി ക്യാൻവാസിംഗ് ഏജന്റ്സ് വെൽഫെയർ ഫണ്ട് ബിൽ

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: 2004-ലെ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ചിട്ടി ക്യാൻവാസിംഗ് ഏജന്റ്സ് വെൽഫെയർ ഫണ്ട് ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly